**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2268** **30-09-2025 - ൽ മറുപടിയ്ക്ക്**

**പേവിഷബാധയ്ക്ക് ഉപയോഗിക്കുന്ന പ്രതിരോധ മരുന്നുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പേവിഷബാധയ്ക്ക് ഉപയോഗിക്കുന്ന പ്രതിരോധ മരുന്നുകൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) | ANTI-RABIES VACCINE FOR HUMAN IP (CELL CULTURE- CHICK EMBRYO), EQUINE ANTI RABIES IMMUNOGLOBULIN എന്നീ വാക്സിനുകളാണ് പേവിഷ പ്രതിരോധത്തിനായി കേരളത്തിലെ സർക്കാർ ആശുപത്രികൾ മുഖേന നൽകി വരുന്നത്. |
| (ബി) | പ്രസ്തുത മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാന ആരോഗ്യ വകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ പേവിഷ പ്രതിരോധ വാക്സിൻ ഉൾപ്പെടെയുള്ള മരുന്നുകളും അനുബന്ധ സാമഗ്രികളും ബന്ധപ്പെട്ട വകുപ്പ് മേധാവികൾ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെ സംഭരിച്ച് ഇൻഡന്റിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വിതരണം നടത്തി വരുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) മുഖേനയാണ്. 1. RABIES VACCINE FOR HUMAN IP, 2. EQUINE ANTI RABIES IMMUNOGLOBULIN എന്നീ വാക്സിനുകളാണ് പേവിഷ പ്രതിരോധത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്നത്.<br>ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ദ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യം ഉണ്ട് എന്ന് ഉറപ്പുവരുത്തിയശേഷം ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ |

പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ പ്രസ്തുത മരുന്നുകൾ വിതരണം നടത്തുന്നതിനു മുൻപ് കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള മരുന്നു പരിശോധനാ ലബോറട്ടറിയായ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി (CDL) കസൗളി യിൽ നിന്നുമുള്ള പരിശോധനാഫലവും ഇൻഹൗസ് ടെസ്റ്റ് റിപ്പോർട്ടും പരിശോധിച്ച ശേഷം മാത്രമാണ് ജില്ലാ മരുന്നു സംഭരണശാലകളിൽ വിതരണത്തിനായി സ്വീകരിക്കുന്നത്.

പേവിഷ പ്രതിരോധ വാക്സിനുകൾ നിശ്ചിത താപനിലയിൽ (2-8ഡിഗ്രി സെൽഷ്യസിൽ) ആണ് വിതരണം നടത്തുന്നത്. പ്രസ്തുത താപനില ഉറപ്പുവരുത്തുന്നതിന് വാഹനങ്ങളിൽ Temperature Data loggers ദർഘാസ് വ്യവസ്ഥ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതും, പ്രസ്തുത വാക്സിനുകളുടെ വിതരണ സമയത്ത് അതാത് ജില്ലാ വെയർഹൗസുകളിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ താപനില നിരീക്ഷിച്ച് ഉറപ്പ് വരുത്താറുള്ളതുമാണ്.

നിശ്ചിത താപനിലയിലല്ല ടി വാക്സിനുകൾ വിതരണം നടത്തിയതെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പ്രസ്തുത വാക്സിനുകൾ ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങളിൽ സ്വീകരിക്കാതെ മടക്കി അയക്കുന്നു. ഇത്തരത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന മരുന്നുകൾ നിശ്ചിത താപനിലയിൽ സൂക്ഷിക്കേണ്ട Walk in cold Room കളിൽ സൂക്ഷിച്ച് ആശുപത്രികളുടെ ആവശ്യകതയ്ക്ക് അനുസൃതമായി വിതരണം നടത്തിവരുന്നു.

Walk-in-cold-Roomകളുടെ താപനിലയും കൃത്യമായി മോണിറ്റർ ചെയ്യുകയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ആശുപത്രികൾക്ക് വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ആവശ്യമുള്ളപ്പോൾ Iceപാക്കുകൾ ഇട്ട Cold Box/Thermocol box എന്നിവയിലാണ് വിതരണം ചെയ്യുന്നത്. ഇവയോടൊപ്പം നൽകുന്ന Issue Note-ൽ Cold Chain നിലനിർത്തേണ്ടതിന്റെ ആവശ്യകത പ്രത്യേകം രേഖപ്പെടുത്തുന്നു.

ആശുപത്രികളിൽ വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ സൂക്ഷിക്കുന്നത് നിശ്ചിത താപനില(2-8 degree celsius) നിലനിർത്തുന്ന റഫ്രിജറേറ്ററുകളിലാണ്. ഇവയുടെ താപനിലയും കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. രോഗികൾക്ക്

| | | | |
|---|---|---|---|
| | | | നൽകുന്നതിന് വേണ്ടി മാത്രമാണ് വാക്സിൻ പുറത്തെടുക്കുന്നത്. ഇപ്രകാരം പുറത്തെടുക്കുന്ന വാക്സിൻ തിരികെ റഫ്രിജറേറ്ററുകളിൽ വെയ്ക്കുകയോ നിശ്ചിത Ice Pack -കളുള്ള വാക്സിൻ കാരിയറുകളിൽ സൂക്ഷിക്കുകയോ ആണ് ചെയ്യുന്നത്. കൂടാതെ ഒരിക്കൽ ഉപയോഗിക്കുവാൻ തുടങ്ങിയ വാക്സിൻ വയൽ പരമാവധി 6മണിക്കൂർ വരെ മാത്രമാണ് ഉപയോഗിക്കുന്നത്. അധികമുള്ള വാക്സിൻ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. |
| (സി) | സർക്കാർ മേഖലയിലുള്ള എല്ലാ ആശുപത്രികളിലും പേവിഷബാധയ്ക്കുള്ള പ്രതിരോധ മരുന്നുകളായ ആന്റി റാബിസ് വാക്സിനുകളും, ഇമ്മ്യൂണോഗ്ലോബിനുകളും ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന വാർഷിക ഇൻഡന്റിന് അനുസൃതമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മുകളിലോട്ടുള്ള 81% സ്ഥാപനങ്ങളിലും, മെഡിക്കൽ കോളേജുകളിലും നിലവിൽ പേവിഷ പ്രതിരോധ വാക്സിനുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ താലൂക്ക് ആശുപത്രികൾ മുതൽ മുകളിലോട്ടുള്ള 85% സ്ഥാപനങ്ങളിലും, എല്ലാ മെഡിക്കൽ കോളേജുകളിലും ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | ഇല്ല എങ്കിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഇവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മുകളിലോട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും വാക്സിനും, താലൂക്ക് ആശുപത്രി മുതൽ എല്ലാ സ്ഥാപനങ്ങളിലും ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയതിൻ പ്രകാരം മരുന്നുകളുടെ വാർഷിക ഇൻഡന്റ് സമർപ്പിക്കുമ്പോൾ ആന്റി റാബിസ് വാക്സിനുകളും ഇമ്മ്യൂണോഗ്ലോബുലിനുകളും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ